LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ബയോഗ്യാസ് വികസന പദ്ധതി (NBMMP) പ്രകാരം സബ്സിഡി നിരക്കിൽ ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ കൃഷി വകുപ്പ് സ്ഥാപിച്ചുനൽകുന്നുണ്ട്. 1 m^3 മുതൽ 6 m^3 വരെയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. പൊതുവിഭാഗത്തിന് 1 m^3 പ്ലാന്റിന് 5,500 രൂപയും 2 m^3 - 6 m^3 പ്ലാന്റിന് 9000 രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 1 m^3 പ്ലാന്റിന് 7000 രൂപയും 2 m^3 - 6 m^3 പ്ലാന്റിന് 11,000 രൂപയും സബ്സിഡി നൽകുന്നു. കൃഷിഭവൻ മുഖേന അപേക്ഷകൾ സ്വീകരിച്ച് പരിശീലനം സിദ്ധിച്ച Turnkey ഏജന്റുകൾ മുഖാന്തരം പ്ലാന്റുകൾ സ്ഥാപിച്ച് നൽകിവരുന്നു.

(ബി) ബാധകമല്ല.

തൊഴിലാളികളുടെ ശമ്പള പരിഷ്കരണം

221 (1694) ശ്രീ. മല്ലിക്കര രതാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിനുകീഴിലുള്ള വിവിധ എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത തൊഴിലാളികൾക്ക് ശമ്പളം പരിഷ്കരിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിലെ തൊഴിലാളികളുടെ വേതന പരിഷ്കരണം പരിശോധിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-9-2013 തീയതിയിലെ G.O.(P) No. 112/2013/തൊഴിൽ നമ്പർ ഉത്തരവിനനുസൃതമായി 2011 ജൂലൈ ഒന്ന് പ്രാബല്യത്തോടെ വേതനം പരിഷ്കരിച്ചു നൽകിയിട്ടുണ്ട്.

പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം

222 (1696) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി എത്ര പ്രാവശ്യം പരിശോധിച്ചിട്ടുണ്ട്; വിശദീകരിക്കുമോ ?